## പുല്ലുമേട് ദുരന്തത്തെക്കുറിച്ചുള്ള വനം വകുപ്പിന്റെ അന്വേഷണങ്ങൾ

236(943) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ തീർത്ഥാടനകാലത്ത് ശബരിമലയിലെ പുല്ലുമേട് ദുരന്തത്തെ കുറിച്ച് വനം വകുപ്പ് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;

(ബി) വണ്ടിപ്പെരിയാർ മുതൽ പുല്ലുമേട് വരെയുള്ള ഭാഗത്ത് വനം വകുപ്പിന്റെ ഏതെല്ലാം ചെക്ക്പോസ്റ്റുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഈ സീസണിലെ മകരജ്യോതി ദിവസം പുല്ലുമേട്ടിൽ എത്ര അയ്യപ്പഭക്തർ എത്തി എന്നതു സംബന്ധിച്ച കണക്കെടുത്തിരുന്നുവോ ; ഇതിന് എന്തൊക്കെ സംവിധാനങ്ങളാണുണ്ടായിരുന്നത് ;

(ഡി) ദേശീയ കടുവാ സംരക്ഷണ മേഖലയായ പുല്ലുമേട്ടിൽ യാതൊരു നിയന്ത്രണവും കൂടാതെ ഭക്തജനങ്ങളെ പ്രവേശിപ്പിക്കാൻ അനുവദിച്ച വനം വകുപ്പ് അധികൃതരുടെ അനാസ്ഥയെക്കുറിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്തി എന്നറിയിക്കുമോ ;

(ഇ) ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(എഫ്) ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുല്ലുമേട്ടിലുണ്ടായ ദുരന്തത്തെക്കുറിച്ച് വനംവകുപ്പ് പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വള്ളക്കടവ്/ ഫോറസ്റ്റ് ചെക്ക് പോസ്റ്റ് വഴി പ്രവേശനാനുമതി കൂടാതെ വാഹനങ്ങൾ കടത്തി വിട്ടു എന്ന പരാതിയെക്കുറിച്ച് വനം വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി) വണ്ടിപ്പെരിയാർ മുതൽ പുല്ലുമേട് വരെയുള്ള ഭാഗത്ത് വള്ളക്കടവിൽ ഒരു ഫോറസ്റ്റ് ചെക്ക് പോസ്റ്റുണ്ട്.

(സി) മകരവിളക്ക് ദിവസം പുല്ലുമേട്ടിൽ എത്തുന്ന അയ്യപ്പ ഭക്തരുടെ കൃത്യമായ കണക്കെടുക്കൽ പ്രായോഗികമായി പ്രയാസമുള്ള കാര്യമാണ് വള്ളക്കടവ് ചെക്ക് പോസ്റ്റ് വഴി വാഹനങ്ങളിൽ വരുന്ന ഭക്തൻമാരെ കൂടാതെ 4-ാം മൈൽ വഴിയും സത്രം വഴിയും നടന്നു പോകുന്നവരും സന്നിധാനത്തുനിന്നും ദർശനത്തിനുശേഷം തിരികെ പുല്ലുമേട്ടിൽ എത്തുന്ന ഭക്തൻമാരും ഉണ്ട്. ആയതുകൊണ്ട് അയ്യപ്പ ഭക്തൻമാരുടെ കണക്കുകൾ കൃത്യമായി എടുക്കുന്നതിന് സംവിധാനം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശബരിമല അയ്യപ്പ ക്ഷേത്രം പെരിയാർ കടുവാ സങ്കേതത്തിലാണ് സ്ഥിതി ചെയ്യുന്നത്. അയ്യപ്പന്റെ പുണ്യാവനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ ഭൂപ്രദേശം പെരിയാർ കടുവാ സങ്കേതം, റാന്നി, അച്ചൻകോവിൽ എന്നീ വനം ഡിവിഷനുകളിൽപ്പെടുന്നു. പ്ലാപ്പള്ളി-ചാലക്കയം-പമ്പ വഴിയും, എരുമേലി-അഴുത-ചെറിയാനവട്ടം വഴിയും വണ്ടിപ്പെരിയാർ-സത്രം-ഉപ്പുപാറ-പുല്ലുമേട് വഴിയും, വള്ളക്കടവ്-നാലാം മൈൽ-ഉപ്പുപാറ വഴിയും ലക്ഷക്കണക്കിനാളുകൾ മണ്ഡല മകരവിളക്ക് കാലത്ത് സന്നിധാനത്ത് എത്തിച്ചേരുന്നു. മേൽപ്പറഞ്ഞ എല്ലാ പാതകളും പെരിയാർ ടൈഗർ റിസർവിൽ കൂടി കടന്നുപോകുന്നവയാണ്. 1965-66 കാലത്ത് 4-ാം മൈൽ ഉപ്പുപാറ വരെ റോഡ് നിർമ്മിച്ച ശേഷം കുമിളി വഴി തമിഴ്നാട്ടിൽ നിന്ന് എത്തുന്ന അയ്യപ്പൻമാരും ഈ റോഡ് വഴിയാണ് ശബരിമലയിലേക്ക് പോകുന്നത്. അംഗീകരിച്ച ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് 4-ാം മൈൽ ഉപ്പുപാറ റോഡ് അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സത്രം ബേസ് ക്യാമ്പ് വികസിപ്പിക്കുന്നതുവരെ 4-ാം മൈൽ ഉപ്പുപാറ റോഡ് തുറന്നു കൊടുക്കാൻ 3-5-2007-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (എംഎസ്) 146/2007/RD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വർഷവും ഡിസംബർ 2-ാം വാരം മുതൽ 4-ാം മൈൽ ഉപ്പുപാറ റോഡ് തീർത്ഥാടനത്തിനായി തുറന്നു കൊടുക്കാറുണ്ട്. ഓരോ വർഷവും തീർത്ഥാടനകാലത്തിന് മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. ദേവസ്വം മന്ത്രി എന്നിവർ വിളിച്ചുകൂട്ടുന്ന തീർത്ഥാടനവുമായി ബന്ധപ്പെട്ട റിവ്യൂ മീറ്റിംഗുകളിൽ 4-ാം മൈൽ ഉപ്പുപാറ റോഡ് തീർത്ഥാടകർക്കായി ഗതാഗത യോഗ്യമാക്കണമെന്ന് തീരുമാനമാകാറുള്ളതും ഈ വർഷവും ഇപ്രകാരം തീരുമാനിച്ചിട്ടുള്ളതുമാകുന്നു. മേൽ വിവരിച്ച സാഹചര്യത്തിൽ പുല്ലുമേട്ടിലേക്ക് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചതിൽ വനം വകുപ്പധികൃതരുടെ ഭാഗത്തു നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ഇ) ചോദ്യം (ഡി)-യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആവിഷ്കരിച്ചു ശബരിമല മാസ്റ്റർ പ്ലാൻ താമസംവിനാ നടപ്പാക്കുന്നതാണ്.

## വണ്ടിപ്പെരിയാർ പുൽമേട്ടിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം

237(344) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടിപ്പെരിയാർ പുൽമേട്ടിൽ എത്ര വനം വകുപ്പ് ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നുണ്ട് ;

(ബി) ഏത് ഉദ്യോഗസ്ഥനാണ് ഇവിടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ;

(സി) മകരവിളക്ക് ദിവസം എത്ര ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly